(ബി) ഇപ്പോൾ സംസ്ഥാനത്ത് ഏതൊക്കെ നഗരങ്ങളിലാണ് ഡ്രെയിനേജ്/സ്വീവേജ് സംവിധാനം പൂർണ്ണമായി നിലവിലുള്ളത്;

(സി) ഭാഗികമായി ഈ സംവിധാനം ഏതെല്ലാം നഗരങ്ങളിലാണ് നടപ്പാക്കിയിട്ടുള്ളത്;

(ഡി) പൊതുജനാരോഗ്യരംഗത്ത് ശുചിത്വ പരിപാലനത്തിനായി ആവശ്യം വേണ്ട ഈ സംവിധാനം കാര്യക്ഷമമായി നടപ്പാക്കാൻ മാസ്റ്റർ പ്ലാൻ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ഇപ്പോൾ ഒരു നഗരത്തിലും പൂർണ്ണമായി ഡ്രെയിനേജ്/സ്വീവേജ് സംവിധാനം നിലവിലില്ല.

(സി) തിരുവനന്തപുരത്തെ പഴയ കോർപ്പറേഷൻ അതിർത്തിക്കുള്ളിലും എറണാകുളം ജില്ലയിൽ കൊച്ചി നഗര പ്രദേശത്തും ഡ്രെയിനേജ്/സ്വീവേജ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേക സ്വീവേജ് സംവിധാനം നിലവിലുണ്ട്.

(ഡി) മാസ്റ്റർ പ്ലാനായി ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ മുൻഗണന നൽകേണ്ട പദ്ധതികൾക്ക് ഒരു രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

ഭൂഗർഭ ജലചൂഷണം തടയാൻ നടപടി

43 [1021] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന് എന്തെല്ലാം ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ടാണ് ഭൂഗർഭ ജലചൂഷണം തടയാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) അമിതമായി ജലചൂഷണം നടത്തുന്ന കൊക്കോകോള, പെപ്സി തുടങ്ങിയവയ്ക്ക് എതിരെ സർക്കാർ കൈക്കൊണ്ട നിലപാട് വിശദമാക്കുമോ;

(സി) വൻതോതിൽ ജലചൂഷണം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാതെ കുടിവെള്ളത്തിന് കിണർ കുഴിക്കുന്നവരെ നിയന്ത്രിക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

ഉത്തരം

(എ) ഭൂഗർഭ ജലത്തിന്റെ അമിതമായ ചൂഷണം നിയന്ത്രിക്കാനേ ഉദ്ദേശമുള്ളൂ. ഉപരിതല ജലത്തിന്റെ നിർബാധമായ ഒഴുക്കു തടഞ്ഞുകൊണ്ട് ജല ഉപയോഗം വർദ്ധിപ്പിച്ചും മഴവെള്ള സംഭരണം പ്രോൽസാഹിപ്പിച്ചും ഭൂഗർഭ ജലം സംപോഷിപ്പിച്ചുകൊണ്ടും ഭൂഗർഭ ജലത്തിന്റെ അമിത ചൂഷണത്തിന് പ്രതിവിധി കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2002-ാം നമ്പർ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ കിണറുകൾ കുഴിക്കുന്നതിനും ഭൂജലം ഉപയോഗിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തുവാൻ സാധിക്കുമെങ്കിലും ഇതുവരെയും ഒരു സ്ഥലവും വിജ്ഞാപനം ചെയ്യപ്പെട്ടിട്ടില്ല. പഞ്ചായത്ത്/ബ്ലോക്ക് തലത്തിൽ ഭൂജലവിതാനം സംബന്ധിച്ച് പഠനം നടത്തി ഏതൊക്കെ പ്രദേശങ്ങളിലാണ് നിയന്ത്രണം ഏർപ്പെടുത്തേണ്ടതെന്ന് ഇതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള ഗ്രൗണ്ട് വാട്ടർ അതോറിറ്റി തിട്ടപ്പെടുത്തിയ ശേഷമേ നിയന്ത്രണം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് തീരുമാനം എടുക്കുകയുള്ളൂ. ഇക്കഴിഞ്ഞ വരൾച്ചക്കാലത്ത് കൊക്കോകോള കമ്പനിയെ 21-2-04-ലെ സർക്കാർ ഉത്തരവ് (സാധാരണം) നം. 1179/04 റവ പ്രകാരം ഇടവപ്പാതിവരെ വെള്ളമെടുക്കുന്നത് തടഞ്ഞിരുന്നു. കോളക്കമ്പനികളുടെ ഭൂഗർഭ ചൂഷണത്തെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) കുടിവെള്ളത്തിന് കിണർ കുഴിക്കുന്നതിന് ഇപ്പോൾ നിയന്ത്രണങ്ങൾ ഇല്ല.

ആമച്ചൽ മാതൃകാ നീർത്തട പദ്ധതി

44 [1022] ശ്രീ. എഴുകോൺ നാരായണൻ:
„ എൻ. ഡി. അപ്പച്ചൻ:
„ എ. കെ. മണി:
„ കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മാതൃകാ നീർത്തട പദ്ധതികൾ പ്രവർത്തിക്കുന്നു;

(ബി) ഇവയുടെ പ്രവർത്തനം ഏതു വിധത്തിലാണെന്ന് വിശദീകരിക്കുമോ;

(സി) ആമച്ചൽ മാതൃകാ നീർത്തട പദ്ധതി പ്രകാരം ഇതുവരെ എന്തെല്ലാം വർക്കുകൾ പൂർത്തിയായി; ഇതിന് എന്ത് ചെലവ് വരും;

(ഡി) ജനപങ്കാളിത്തംമൂലം ആമച്ചൽ മാതൃകാ നീർത്തട പദ്ധതി പ്രവർത്തനങ്ങൾക്ക് എന്ത് ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) രണ്ട്. അവ കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര ബ്ലോക്കിലെ കുണ്ടൂർമുഴി മാതൃകാ നീർത്തട പദ്ധതിയും, തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ ആമച്ചാൽ നീർത്തട പദ്ധതിയും ആണ് നിലവിലുള്ളത്.

(ബി) കുണ്ടൂർമുഴി മാതൃകാ നീർത്തട പദ്ധതി പേരാമ്പ്രാ ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണ ഏജൻസിയായും, ആമച്ചൽ മാതൃകാ നീർത്തട പദ്ധതി കാട്ടാക്കട ഗ്രാമ പഞ്ചായത്ത് നിർവ്വഹണ ഏജൻസിയായും ജനപങ്കാളിത്തത്തോടെ പ്രവർത്തിക്കുന്നു. വിവിധ പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ കമ്മിറ്റികളുടെ മേൽ നോട്ടത്തിലാണ് നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly